# കണ്ണൂർ  അന്തർദേശീയ വിമാന താവളത്തോടനുബന്ധിച്ച് 18-ാം നമ്പർ തോടിന്റെ പുനർനിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം - അന്തിമ റിപ്പോർട്ട്

2018 സെപ്തംബർ- ഒക്ടോബർ മാസത്തിൽ പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാകാൻ പോകുന്ന കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡിന്റെ (KIAL) വൃഷ്ടി പ്രദേശത്തുള്ള വെള്ളം വിമാനതാവളത്തിന്റെ സുരക്ഷയെ ബാധിക്കാത്ത രീതിയിൽ, നിലവിൽ കീഴല്ലൂർ വില്ലേജിലെ ഏറെ പഴക്കം ചെന്നതും കൊതേരി മുതൽ അഞ്ചരക്ക ി പുഴ വരെ നീ ു കിടക്കുന്നതുമായ, ഏകദേശം 6 1/2 കി. മീ. നീളമുള്ള 18-ാം നമ്പർ തോടിന്റെ (ഡ്രെയിനേജ്) പുനർനിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്നത് സംബന്ധിച്ചാണ് സാമൂഹ്യ ആഘാത പഠനം നടത്തുന്നത്. ഇവിടയെുള്ള കുറെയേറെ ചെറിയ നീർച്ചാലുകളുടെയും അതിനെ ഉൾക്കൊള്ളുന്ന വലിയ നീർച്ചാലുകളുടെയും നിർമ്മാണ പുനർനിർമ്മാണ പ്രവർത്തനത്തിനായി മുമ്പേ തന്നെ 7.03237 ഹെക്ടർ ഭൂമി ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞതാണ്. എന്നാൽ കീഴല്ലൂർ വില്ലേജിലെ എളംപാറ, തെരൂർ, കാനാട്, കീഴല്ലൂർ ദേശങ്ങളിലൂടെ ഒഴുകി അഞ്ചരക്ക ി പുഴയിൽ ചേരുന്ന 18-ാം നമ്പർ തോടിന്റെ പുനർനിർമ്മാണത്തിന് 0.1667 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കപ്പെടേ ിയിരിക്കുന്നു

കണ്ണൂർ ജില്ലാ ആസ്ഥാനത്തു നിന്ന് 25 കി. മീറ്ററും മട്ടന്നൂർ നഗരത്തിൽ നിന്ന് കേവലം 2 കി. മീ. ദൂരവുമുള്ള ഈ വിമാന താവളം 2000 ഏക്കറിലേറെ ഭൂമിയിൽ പരന്നു കിടക്കുകയാണ്. ഭൂവിസ്തൃതിയിൽ കേരളത്തിൽ തന്നെ ഒന്നാം സ്ഥാനമാണ് ഈ വിമാന താവളത്തിനുള്ളത്. ഇതിനോടനുബന്ധിച്ചുള്ള പാസഞ്ചർ ടെർമിനൽ 96000 ച. മീ. വിസ്തീർണ്ണമുള്ളതും  ഇന്ത്യയിൽ 8-ാം സ്ഥാനത്തുമാണ്. നിലവിലുള്ള റൺവേയുടെ നീളം 3050 മീറ്ററാണ്. എന്നാൽ അടുത്ത ഘട്ടമെന്ന നിലയിൽ റൺവേയുടെ നീളം 4000 മീറ്റർ വരെ വികസിപ്പിക്കുന്നതോടെ , റൺവേയുടെ ദൈർഘ്യത്തിന്റെ കാര്യത്തിൽ 4-ാം സ്ഥാനത്തേക്ക്  ഈ വിമാന താവളത്തിന്റെ പദവി ഉയരുന്നു. ഉത്തര കേരളത്തിന്റെ വിനോദ സഞ്ചാര വികസന മേഖലയുടെ ഇടനാഴിയായി ഈ വിമാന താവളം മാറുമെന്ന് വിശ്വസിക്കാം. കണ്ണൂർ കൂടാതെ മൈസൂർ, കോഴിക്കോട് ജില്ലയുടെ വടക്കൻ മേഖലകൾ, കാസർഗോഡ്, വയനാട്, കുടക് എന്നീ സഥലങ്ങളും ഈ വിമാന താവളത്തിന്റെ സത്ഫലങ്ങൾ അനുഭവിക്കാൻ ഇടയുള്ള പ്രദേശങ്ങളാണ്. പൊതു സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ നിർമ്മിക്കപ്പെടുന്ന ഈ ഗ്രീൻ ഫീൽഡ് വിമാന താവളം പൊതുമേഖല

യിൽ തന്നെയാണ്. കേരള മുഖ്യമന്ത്രി ചെയർമാനും ഒരു ഐ.എ.എസ് ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറുമായിട്ടുള്ള KIAL (കണ്ണൂർ ഇന്റർനാഷണൽ എയർപോർട്ട് ലിമിറ്റഡ്) ആണ് ഈ വിമാനതാവളത്തിന്റെ നിർമ്മാണ പ്രവർത്തനത്തിന്റെ മുഴുവൻ ചുമതലയും നിർവ്വഹിക്കുന്നത്. ഈ സംരംഭത്തിന് ആവശ്യമായ ഭൂമിക്കുള്ള അർത്ഥന, റവന്യു വകുപ്പിന് സമർപ്പിക്കാൻ ചുമതലപ്പെട്ടിരിക്കുന്നത് ചീഫ് സെക്രട്ടറി ചെയർമാനായിട്ടുള്ള KINFRA (കേരള ഇൻഡസ്ട്രിയൽ ഇൻഫ്രാസ്ട്രെക്ചർ ഡവ. കോർപ്പറേഷൻ) എന്ന സ്ഥാപനമാണ്.

സമുദ്ര നിരപ്പിൽ നിന്ന് ഏകദേശം 870 മീറ്റർ ഉയരത്തിലാണ് ഈ വിമാനതാവളം സ്ഥിതി ചെയ്യുന്നത്. മൂർഖൻ പറമ്പ് എന്ന വൃഷ്ടിപ്രദേശത്തു പെയ്യുന്ന മഴ വെള്ളത്തിന് അഞ്ചരക്ക ി പുഴയിലേക്ക് എത്തിച്ചേരാനുള്ള ര ് പ്രധാന നിർഗമന മാർഗ്ഗങ്ങളാണ് 17, 18 നമ്പർ തോടുകൾ. ഈ തോടുകളിലേക്ക് വെള്ളം എത്തിച്ചേരാനുള്ള ഏറെ ചെറിയ നീർചാലുകളുമു ്. വിമാന താവള നിർമ്മാണത്തിനു ശേഷം, നല്ല മഴയുള്ള സമയത്ത് ചെളിയും മണ്ണും നിറഞ്ഞ കലങ്ങിയ വെള്ളം ചുറ്റുപാടുമുള്ള കിണറുകളിലേക്കും തോടുകളിലേക്കും വന്നതായും അതിനാൽ തന്നെ കുടിവെള്ളം ഉപയോഗശൂന്യമായി പോയതായും അഭിപ്രായം ഉയർന്നിരുന്നു. തോടുകളിലും സമീപത്തുള്ള വയലുകളിലും ചെളി മണ്ണും മറ്റും അടിഞ്ഞുകൂടിയതായും സമീപവാസികൾ അറിയിച്ചിരുന്നു. ഈ ഒരു പ്രയാസം ഒഴിവാക്കാൻ പ്രധാന ജലനിർഗ്ഗമന മാർഗ്ഗങ്ങളായ 17, 18 നമ്പർ തോടുകളും അനുബന്ധ നീർചാലുകളും പുനർനിർമ്മിക്കപ്പെടേ താണ്. 18-ാം നമ്പർ തോട് പുനർനിർമ്മിതി പൂർണ്ണമാകുന്നതോടെ വിമാന താവളത്തിന്റെ വൃഷ്ടി പ്രദേശത്തുള്ള എത്ര ശക്തമായ കുത്തൊഴുക്കിനെയും ഉൾക്കൊള്ളാൻ തോടിനു സാധിക്കുകയും അതു വഴി ഈ മേഖലയിലുള്ള സാധാരണക്കാരുടെ പ്രശ്നം പരിഹരിക്കപ്പെടുകയും ചെയ്യും. നിലവിൽ ഈ തോട് ഇവിടുത്തെ കർഷകർ ജലസേചന ആവശ്യത്തിന് ഉപയോഗിച്ചു വരുന്നതാണ്. ഇപ്പോൾ കർഷകർ അനുഭവിക്കുന്ന എല്ലാ സൗകര്യങ്ങളും നിലനിർത്തിക്കൊ ുതന്നെ തോട് വീതി കൂട്ടി ബലപ്പെടുത്തുന്നതാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്.

<u>**പദ്ധതി പ്രദേശം**</u>

ഡ്രെയിനേജ് നമ്പർ 18 എന്ന തോട് കീഴല്ലൂർ വില്ലേജിലെ വളരെ പഴയ തോടാണ്. ഇതു ആഴം കൂട്ടി ഇരു വശവും കല്ലുകെട്ടി ബലപ്പെടുത്തുന്നതിന്, മട്ടന്നൂരിൽ നിന്നും 500 മീറ്റർ മാറി കൊതേരിയിൽ നിന്ന് അഞ്ചരക്ക ി പുഴ വരെ ഏകദേശം 6 1/2 കി.മീ. ദൈർഘ്യമു

ҫ. ആരംഭ ഘട്ടത്തിൽ ഏകദേശം 2 മീറ്റർ വീതിയാണ് തോടിനുള്ളത്. പിന്നീട് ഇത് 3 മുതൽ 4 മീറ്റർ വരെ വീതിയാണുള്ളത്. കീഴല്ലൂർ ദേശത്തിലൂടെ എത്തുമ്പോൾ വീതി പിന്നെയും വർദ്ധിക്കുന്നു. മട്ടന്നൂർ- കണ്ണൂർ റോഡിന് ഏകദേശം സമാന്തരമായാണ് (കിഴക്കു-പടിഞ്ഞാറ്) തോട് സ്ഥിതി ചെയ്യുന്നത്. തോടിന്റെ ഇരുവശവും കൃഷി ഭൂമിയാണ്. പൊതുവെ നല്ല മഴ ലഭിക്കുന്ന പ്രദേശമായതിനാൽ തന്നെ വർഷത്തിൽ 9 മാസക്കാലം നല്ല വണ്ണം വെള്ളം ഒഴുകുന്ന തോടാണിത്. ഏപ്രിൽ- മെയ് മാസത്തിൽ വെള്ളം വറ്റുകയും ചെയ്യുന്നു. ആ സമയത്ത് കാർഷിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി തോടിന്റെ സമീപത്ത് ചെറിയ കുളങ്ങൾ നിർമ്മിച്ചും തോട്ടിൽ തന്നെ വെള്ളപ്പറ്റുള്ള സ്ഥലം വൃത്തിയാക്കി കുഴികുത്തിയും പച്ചക്കറി കൃഷികൾക്കായി ജലം ലഭ്യമാക്കുന്നു. പൊതുവെ പദ്ധതി പ്രദേശത്ത് ബഹുഭൂരിപക്ഷവും ഹിന്ദു കുടുംബങ്ങളാണ് താമസിക്കുന്നത്. വളരെ ചെറിയ ശതമാനം മുസ്ലീങ്ങളും താമസിക്കുന്നു ҫ.

**ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന ഭൂമിയുടെ വിവരം –**

ഏറ്റവും ഫലപ്രദമായ രീതിയിൽ, വിമാന താവളത്തിന്റെ വൃഷ്ടി പ്രദേശത്തു നിന്നു ാകുന്ന മഴ വെള്ളം, വിമാന താവളത്തിന്റെ താഴ്വാരങ്ങളിൽ താമസിക്കുന്നവർക്ക് പ്രയാസമില്ലാത്ത രീതിയിൽ ഒഴുക്കിവിടുന്നതിനായി ഡ്രെയിനേജ് നമ്പർ 18 ന്റെ പുനർനിർമ്മിതിക്കായി ഏറ്റെടുക്കാനുദ്ദേശിക്കുന്ന സ്ഥലം സംബന്ധിച്ച വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു

| ക്രമനമ്പർ | സർവ്വേ നമ്പർ | ഭൂമിയുടെ വിസ്തീർണ്ണം | വില്ലേജ് | ദേശം |
|---|---|---|---|---|
| 1 | 92/4 A | 0. 0350 | കീഴല്ലൂർ | എളമ്പാറ |
| 2 | 97/1 | 0.0081 | കീഴല്ലൂർ | എളമ്പാറ |
| 3 | 75/1 | 0.0030 | കീഴല്ലൂർ | തെരൂർ |
| 4 | 59/1 | 0.0101 | കീഴല്ലൂർ | കീഴല്ലൂർ |
| 5 | 59/5 | 0.0081 | കീഴല്ലൂർ | കീഴല്ലൂർ |
| 6 | 60/1 | 0.0079 | കീഴല്ലൂർ | കീഴല്ലൂർ |
| 7 | 13 | 0.0190 | കീഴല്ലൂർ | കീഴല്ലൂർ |
| 8 | 71/1 | 0.0097 | കീഴല്ലൂർ | കീഴല്ലൂർ |
| 9 | 74 | 0.0208 | കീഴല്ലൂർ | കീഴല്ലൂർ |

| | | | | |
|---|---|---|---|---|
| 10 | 75/1 | 0.0040 | കീഴല്ലൂർ | കീഴല്ലൂർ |
| 11 | 75/2 | 0.0120 | കീഴല്ലൂർ | കീഴല്ലൂർ |
| 12 | 75/3 | 0.0080 | കീഴല്ലൂർ | കീഴല്ലൂർ |
| 13 | 75/4 | 0.0020 | കീഴല്ലൂർ ല്ലൂർ | കീഴല്ലൂർ |
| 14 | **75/5 A** | 0.0080 | കീഴല്ലൂർ | കീഴല്ലൂർ |
| 15 | **75/5 B** | 0.0070 | കീഴല്ലൂർ | കീഴല്ലൂർ |
| 16 | 63/3 | 0.0040 | കീഴല്ലൂർ | കാനാട് |

ആകെ **0.1667**

മേൽ കാണിച്ചതിൽ 16-ാംനമ്പർ ആയിട്ടുള്ള 63/3 ലെ 0.0040 ഹെക്ടർ സ്ഥലം നേരത്തെ തന്നെ ഏറ്റെടുക്കപ്പെട്ടു കഴിഞ്ഞതാണ്. ബാക്കിയുള്ള 0.1627 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കപ്പെടേ യിരിക്കുന്നത്.

**പകരം ഭൂമി ലഭ്യത**

പണി പൂർത്തിയായി സെപ്തംബർ- നവംബർ മാസത്തിൽ പ്രവർത്തന ക്ഷമമാകാൻ പോകുന്ന കണ്ണൂർ വിമാന താവളത്തിന്റെ വൃഷ്ടി പ്രദേശത്ത് ലഭിക്കുന്ന മഴവെള്ളം ഫലപ്രദമായി വിവിധ നീർചാലുകളിലൂടെ 17, 18 നമ്പർ തോടുകളിലൂടെ അഞ്ചരക്ക ി പുഴയിലേക്ക് എത്തിക്കുന്നതിന് ആദ്യഘട്ടത്തിൽ തന്നെ ഭൂമി ഏറ്റെടുത്തിരുന്നു.എന്നാൽ 18-ാം നമ്പർ തോടിന്റെ പുനർനിർമ്മാണത്തിന് 0.1627 ഹെക്ടർ ഭൂമി കൂടി ഏറ്റെടുക്കപ്പെടേ തു ്. ഈ പുനർനിർമ്മാണത്തിന്, നിലവിലുള്ള തോടിന്റെ വശത്തോടു ചേർന്ന ഭൂമി മാത്രമേ ഏറ്റെടുക്കാൻ സാധിക്കുകയുള്ളു. നിലവിൽ കാണിച്ചിരിക്കുന്ന ഭൂമി തോടിനോടു ചേർന്നു കിടക്കുന്നതാണ്. അതിനാൽ തന്നെ പകരം ഭൂമി എന്ന സങ്കല്പം ഇവിടെ യോജ്യമല്ല.

**ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിനാണോ**

കണ്ണൂർ വിമാന താവളത്തിന്റെ അനുബന്ധ വികസനവുമായി ബന്ധപ്പെട്ട 18-ാം നമ്പർ തോടിന്റെ നിർമ്മാണത്തിനാണ് ഭൂമി ഏറ്റെടുക്കുന്നത്. കണ്ണൂർ വിമാനതാവളം, നേരത്തെ സൂചിപ്പിച്ച പോലെ പൊതു-സ്വകാര്യ പങ്കാളിത്തത്തോടയുള്ളതാണെങ്കിലും പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലാണ്. ബഹു. കേരള മുഖ്യമന്ത്രി ചെയർമാനും ഒരു ഐ. എ. എസ് ഉദ്യോഗസ്ഥൻ മാനേജിംഗ് ഡയറക്ടറുമായിട്ടുള്ള

KIAL ന്റെ കീഴിലാണ് ഈ വിമാന താവളം. ഈ സ്ഥാപനത്തിന്റെ 35% ഓഹരി കേരള സർക്കാരിനും 25% സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾക്കുമാണ്. 10% ഓഹരി പൊതുമേഖല വിമാനതാവള അധികാരികൾക്കും ബാക്കിയുള്ള 30% ഓഹരിയാണ് സ്വകാര്യ വ്യക്തികൾക്കും സാഥാപനങ്ങൾക്കും ഉള്ളത്. അതിനാൽ ആകെ ഓഹരിയുടെ 70% സർക്കാരിൽതന്നെ നിക്ഷിപ്തമാണ്. അതുപോലെതന്നെ അർത്ഥനാധികാരി സർക്കാർ നിയന്ത്രണത്തിലുള്ള KINFRA യുമാണ്. അതിനാൽ ഈ ഭൂമി ഏറ്റെടുക്കുന്നത് പൊതു ആവശ്യത്തിന് തന്നെയാണ് എന്നതിൽ തർക്കമില്ല.

<u>ഭൂമിയുടെ സ്വഭാവം</u>

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമി കണ്ണൂർ ജില്ലയിലെ തലശ്ശേരി താലൂക്കിലെ കീഴല്ലൂർ വില്ലേജിൽപ്പെട്ട എളംപാറ, തെരൂർ, കാനാട്, കീഴല്ലൂർ വില്ലേജിൽപ്പെട്ട 0.1627 ഹെക്ടർ ഭൂമിയാണ്. ഇതിൽ 0.0559 ഹെക്ടർ ഭൂമി നഞ്ച വിഭാഗത്തിലും 0.1068 ഹെക്ടർ ഭൂമ തോട്ടം വിഭാഗത്തിലുംപെടുന്നു. ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം നിലവിലുള്ള 18-ാംനമ്പർ തോടിന്റെ വശവും അധികമൊന്നും വീതീയിലല്ലാതെ തോടിന് സമാന്തരമായിട്ടുള്ള സ്ഥലവുമാണ്. അതിനാൽ തന്നെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് സാരമായ നഷ്ടമു ാക്കുന്ന ഫല വൃക്ഷങ്ങൾ വളരെ കുറവാണ്. ഭൂ ഉടമകളെ സംബന്ധിക്കുന്ന വിവരങ്ങൾ താഴെ കാണിച്ചിരിക്കുന്നു

| ക്രമനമ്പർ | ഭൂമിയുടെ ഉടമസ്ഥർ | വിസ്തീർണ്ണം | സ്വഭാവം |
|---|---|---|---|
| 1 | ഗോപിക, എളംപാറ | 0.0350 | തോട്ടം |
| 2 | ഉഷ എളംപാറ | | |
| 3 | വി.ആർ ഭാസ്കരൻ എളംപാറ | | |
| 4 | ബാലകൃഷ്ണൻ എളംപാറ | | |
| 5 | രാമകൃഷ്ണൻ എളംപാറ | 0.0081 | നഞ്ച |
| 6 | അസ്കർ തെരൂർ | 0.0030 | തോട്ടം |
| 7 | നാരായണൻ കീഴല്ലൂർ | 0.0101 | തോട്ടം |
| 8 | കുമാരൻ മാസ്റ്റർ കീഴല്ലൂർ | 0.0081 | തോട്ടം |
| 9 | കരുണാകരൻ കീഴല്ലൂർ | 0.0079 | തോട്ടം |
| 10 | ഖാദർ കീഴല്ലൂർ | 0.0190 | തോട്ടം |
| 11 | മൂസ്സ കീഴല്ലൂർ | | |

| | | | |
|---|---|---|---|
| 12 | പന്നിയൻക ത്തിൽ ബാലു കീഴല്ലൂർ | | |
| 13 | പന്നിയൻക ത്തിൽ ദേവകി കീഴല്ലൂർ | 0.0097 | തോട്ടം |
| 14 | സുരൻ മാസ്റ്റർ കീഴല്ലൂർ | 0.0208 | നഞ്ച |
| 15 | സർഫു കീഴല്ലൂർ | | |
| 16 | അസ്കർ കീഴല്ലൂർ | 0.0040 | തോട്ടം |
| 17 | രത്നാകരൻ കീഴല്ലൂർ | 0.0120 | നഞ്ച |
| 18 | സുനിൽകുമാർ കീഴല്ലൂർ | 0.0100 | തോട്ടം |
| 19 | സുനിൽകുമാർ കീഴല്ലൂർ | 0.0080 | നഞ്ച |
| 20 | കുട്ടപ്പൻ നമ്പ്യാർ കീഴല്ലൂർ | 0.0070 | നഞ്ച |

മുകളിൽ സൂചിപ്പിച്ചതു പോലെ ഈ കാണിച്ചിരിക്കുന്ന സ്ഥലം 18-ാം നമ്പർ തോടിനോടു ചേർന്ന് കൊതേരി മുതൽ എളംപാറ, തെരൂർ, കാനാട്, കീഴല്ലൂർ വഴി കീഴല്ലൂർ പാലത്തി നടുത്ത് പുഴയിൽ ചേരുന്ന സ്ഥലം വരെയാണ്.

**<u>കൃഷികൾ</u>**

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമി തോട്ടം, നഞ്ച വിഭാഗത്തിൽപ്പെടുന്നതാണെന്ന് വ്യക്തമാക്കിയിട്ടു ്, അതുപോലെ തന്നെ തോടിനോട് ചേർന്ന് നീളത്തിലുമാണ്. ആയ തിനാൽതന്നെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് ആദായകരമായ കൃഷി എന്നു പറ യത്തക്ക വിധം ഒന്നുമില്ല എന്ന് പറയാം. ആകെയുള്ളത് 6 തെങ്ങ്, 14 കവുങ്ങ് എന്നിവ കൂടാതെ ഒന്നു വീതം മാവ്, കശുമാവ്, പ്ലാവ്, 3 തേക്കുകൾ, കുറച്ച് വാഴകൾ പിന്നെ 5 ഓളം പടുമരങ്ങളുമാണ്.

**<u>സ്ഥാപനം</u>**

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം റിബൺ പോലെയുള്ളതായതിനാൽ തന്നെ ഇവിടെ സ്ഥാപനത്തിന്റെ നിർവ്വചനത്തിൽപ്പെടുന്ന ഒന്നുംതന്നെ ഇല്ല എന്ന് അറിയിക്കുന്നു.

**സാമൂഹ്യആഘാതപഠന യൂണിറ്റിന്റെ ഘടന**

കണ്ണൂർ അന്തർദേശീയ വിമാനതാവളത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ജല നിർഗ്ഗമന സംവിധാനം ഒരുക്കുന്നതിന്റെ ഭാഗമായി 18-ാം നമ്പർ തോടിന്റെ പുനർനിർമ്മാണത്തിനായി 0.1627 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ച് സാമൂഹ്യ ആഘാത പഠനം നടത്തുന്നതിന് നിയോഗിക്കപ്പെട്ടിരിക്കുന്നത് KAIROS (Kannur Assosiation for Integrated Rural Oraganization and Support) എന്ന സ്ഥാപ നത്തെയാണ്. കണ്ണൂർ ജില്ലാ കളക്ടറുടെ 02.07.2018 ലെ DCKNR/6124/2018-C7 നമ്പർ നടപടി ക്രമപ്രകാരമാണ് ചുമതല നൽകപ്പെട്ടിരിക്കുന്നത്. ഇത് 05.07.2018 ലെ 1801 നമ്പർ അസാധാരണ ഗസറ്റിൽ ആധികാരികമായി പ്രസിദ്ധപ്പെടുത്തുകയും ചെയ്തിട്ടു ്. പഠന യൂണിറ്റിന്റെ ഘടന താഴ കാണ്ച്ചിരിക്കുന്നു

| ക്രമന മ്പർ | പേര് | പദവി |
|---|---|---|
| 1 | ശ്രീ. ഷൈജു പീറ്റർ (സോഷ്യോളജിസ്റ്റ്) | ചെയർമാൻ |
| 2 | ശ്രീ. കെ.വി. ചന്ദ്രൻ(റിട്ട.ഫിഷറി ഡവ. ഓഫീസർ) | അംഗം |
| 3 | ശ്രീമതി ജെസ്സി റെജി (ഡി.റ്റി. പി. ഓപ്പറേറ്റർ) | അംഗം |
| 4 | ശ്രീ. പ്രിൻസ് | ഓഫീസ് അസിസ്റ്റന്റ് |

**പഠനോപാധികൾ**

കണ്ണൂർ അന്താരാഷ്ട്ര വിമാന താവള നിർമ്മാണവുമായി ബന്ധപ്പെട്ട് ജലനിർഗ്ഗമന സംവിധാനം ഒരുക്കുന്നതിനായി നേരത്തെ തന്നെ 7.03237 ഹെക്ടർ ഭൂമി ഏറ്റെടുത്ത് കഴി ഞ്ഞിട്ടു ്. ഇപ്പോൾ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്നത് 18-ാം നമ്പർ തോടിന്റെ നവീകരണ പ്രവർത്തനവുമായി ബന്ധപ്പെട്ടാണ്. ഇതിനാൽ 0.1627 ഹെക്ടർ സ്ഥലമാണ് ഏറ്റെടുക്കേ ിയിരിക്കുന്നത്. ഇത് തലശ്ശേരി താലൂക്കിലെ കീഴല്ലൂർ അംശത്തിലെ കൊതേരി മുതൽ കീഴല്ലൂർ വരെയുള്ള നിലവിലുള്ള 18-ാം നമ്പർ തോടിന്റെ ഇരുവശത്തായുള്ള 20 പേരെ യാണ് ബാധിക്കുന്നത്. അതിനാൽ തന്നെ ഈ 20 പേരെയും നേരിൽ കാണുവാനും അവരുടെ സ്ഥലം ക ് പ്രശ്നങ്ങൾ, ആഘാതം എന്നിവ പഠിക്കാനുമാണ് തീരുമാനി ച്ചിരിക്കുന്നത്. അതിനാൽ തന്നെ മറ്റ് പഠനോപാധികൾ ഒന്നും തന്നെ ഉപയോഗിച്ചിട്ടില്ല എന്ന് വ്യക്തമാക്കുന്നു.

## ബന്ധപ്പെട്ടവരെ കേൾക്കൽ

2013 ലെ ഭൂമി ഏറ്റെടുക്കൽ നിയമം 5-ാം വകുപ്പ് പ്രകാരമുള്ള പൊതു അവകാശ വാദം ഉന്നയിക്കാനായി തല്പര കക്ഷികളുടെ ഒരു യോഗം 29.08.2018 ന് ബുധനാഴ്ച രാവിലെ 11 മണിക്ക് എളംപാറ എൽ. പി. സ്ക്കൂളിൽ ചേർന്നിരുന്നു. തല്പര കക്ഷികളിൽ ഉഷ ഭാസ്ക്കരനു വേ ി മറ്റൊരു സ്ഥലമുടമയും അവരുടെ ഭർത്താവുമായ വി.ആർ. ഭാസ്ക്കരൻ ഹാജരായിരിന്നു. ആഘാതപഠന യൂണിറ്റ് അംഗം ശ്രീ. കെ.വി. ചന്ദ്രൻ സ്വാഗതം ആശംസിക്കുകയും സ്പെഷ്യൽ തഹസിൽദാർ ശ്രീ. കെ. ഗോപിനാഥ് ഭൂമി ഏറ്റെടുക്കലിന്റെ ആവശ്യകതയെക്കുറിച്ച് വിശദീകരിക്കുകയും ചെയ്തു.

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന്റ ഉടമകളെ നന്നായി അറിയാവുന്ന ഈ പ്രദേശത്തെ പൊതുപ്രവർത്തകൻ കൂടിയായ ശ്രീ. വി. ആർ. ഭാസ്കരൻ, സ്ഥലം വിട്ടു കൊടുക്കുന്നതിൽ ഉടമകൾക്ക് പ്രയാസമൊന്നുമില്ല എന്നറിയിച്ചിരുന്നു. കൂടാതെ നിലവി ലുള്ള തോടിനു കുറുകെയായി പല ഭാഗങ്ങളിൽ മര പാലങ്ങൾ ഉ ന്നും, ഇവിടുത്തെ കർഷകർ അവരുടെ ദൈനംദിന കാർഷിക ആവശ്യങ്ങൾക്കും മറ്റുമായി ഈ മരപ്പാല മാണ് ഉപയോഗിച്ച് വരുന്നതെന്നും അഭിപ്രായപ്പെട്ടു. പല പാലങ്ങളും ദ്രവിച്ചു പോയ അവസ്ഥയിലാണ്. അതിനാൽതന്നെ തോട് വീതിയും ആഴവും കൂട്ടി പുനർനിർമ്മിക്കപ്പെ ടുമ്പോൾ പുതിയ പാലങ്ങൾ ഉ ാക്കപ്പെടണം എന്നഭിപ്രായപ്പെട്ടു. അതുപോലെതന്നെ നിലവിൽ വയലുകളിലെ അധിക ജലം ഒഴുക്കി കളയാനും, വേനൽക്കാലത്ത് കാർഷിക ആവശ്യങ്ങൾക്ക് വെള്ളം ചാലു കീറി ഒഴുക്കിക്കൊ ു വരാനും ഈ തോട് ഉപയോ ഗിച്ചു വരുന്നതായി അിറയിച്ചncpന്നു. തുടർന്നും ഈ സൗകര്യ ലഭ്യമാക്കപ്പെടണം എന്ന അഭിപ്രായമാണ് പൊതുവിൽ ഉള്ളതെന്നും അിറയിച്ചു. സ്ക്കൂൾ ഹെഡ് മാസ്റ്റർ ശ്രീ. വിനോദ്കുമാർ ആർ.കെ, വാല്യുവേഷൻ അസി. (LA Airport Office No.2) ശ്രീ. വി സജീവ് കുമാർ എന്നിവരും യോഗത്തിൽ ഹാജരു ായിരുന്നു. തല്പര കക്ഷികളിൽ നിന്ന് പ്രത്യേക പരിഗണന അർഹിക്കുന്ന തരത്തിലുള്ള അഭിപ്രായങ്ങൾ ഉന്നയിക്കപ്പെ ടാത്ത സാഹചര്യത്തിൽ അർത്ഥനാധികാരിയുടെ അഭിപ്രായത്തിനായി യോഗ തീരുമാന ങ്ങൾ ഒന്നും തന്നെ അയച്ചുകൊടുക്കേ ആവശ്യം ഉ ായിരുന്നില്ല എന്നും അറിയി ക്കുന്നു.

ഭൂ ഉടമകൾക്ക് നിലവിലുള്ള തോടിനോട് ചേർന്ന് അവരുടെ സ്ഥത്തിന്റെ ചെറിയ വീതി യിലുള്ള ഭാഗം മാത്രമേ ഏറ്റെടുക്കലിന് വിധേയമാകുന്നുള്ളൂ. നിലവിൽ നടത്തി വരുന്ന കാർഷിക പ്രവൃത്തികൾക്ക് സാരമായ യാതൊരു തടസ്സവും ഉ ാകാത്ത സാഹചര്യ

ത്തിൽ ഭൂമി വിട്ടു കൊടുക്കുന്നതിന് യാതൊരു വൈമനസ്യവും ഇല്ലാത്തതിനാൽ ഡ്രയിനേജ് 18 ന്റ പുനർനിർമ്മാണ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകാവുന്നതാണ്.

**<u>പദ്ധതിയുടെ സാമൂഹ്യ ആഘാതങ്ങൾ</u>**

ചെറുകിട ജലസേചന വകുപ്പിന്റെ കീഴിലുള്ളതാണ് കൊതേരി, അഞ്ചരക്ക ി തോട്, ഇവിടുത്തെ കർഷകർ അവരുടെ ആവശ്യങ്ങൾക്ക് പ്രത്യേകിച്ച് വേനൽക്കാല പച്ചക്കറിക്കൃഷിക്ക് ആശ്രയിക്കുന്നത് ഈ തോടിനെയാണ്. ഇത് അല്പം ആഴം കൂട്ടി വശങ്ങൾ സംരക്ഷിക്കുകയാണ് ഈ പദ്ധതി കൊ ് ഉദ്ദേശിക്കുന്നത്.

വിമാനത്താവള പരിസരത്ത് ഉ ാകാൻ സാധ്യതയുള്ള മലവെള്ളപ്പാച്ചിലിനെ കൃഷിക്കും കൃഷിക്കാർക്കും, പരിസരവാസികൾക്കും ബുദ്ധിമുട്ട് സൃഷ്ടിക്കാതെ ഈ തോട്ടിലൂടെ അഞ്ചരക്ക ി പുഴയിലേക്ക് ഒഴുക്കിവിടുന്നു. കൃഷിഭൂമിയെയോ, കർഷകരുടെ ഉപജീവനത്തെയോ ഈ പദ്ധതി പ്രതികൂലമായി ബാധിക്കുന്നില്ല. പല സ്ഥലത്തും തോടിനു കുറുകെ പഴയ മരപാലങ്ങൾ ഉ ്. പല പാലങ്ങളും ഏറെ അപകടാവസ്ഥയിലായവയാണ്. കർഷകർക്ക് അവരുടെ കൃഷി ഭൂമിയിലേക്ക് കടന്നുപോകാൻ ഉപകരിക്കുന്ന ഈ പാലങ്ങൾക്ക് പകരം പുതിയ പാലം നിർമ്മിക്കപ്പെടേ ിയിരിക്കുന്നു. പൊതുവെ കുളിക്കാനും അലക്കാനും കന്നുകാലികളെ കുളിപ്പിക്കാനും ഈ തോട് ഉപയോഗിക്കാറു ്. അതുപോലെ കൃഷിയിടത്തിലേക്ക് വെള്ളമെത്തിക്കാനും, അധികജലം ഒഴുക്കിവിടാനും ചെറിയ കൈത്തോടുകൾ ഉ ാക്കി ഉപയോഗിക്കാറു ്. വീതി കൂട്ടി ആഴം കൂടുമ്പോൾ ഇതേതരം തോടുകൾ ഉപയോഗിക്കാൻ കഴിയുമോ എന്ന ഈ ആശങ്ക ബാക്കിയാകുന്നു

**<u>തൊഴിലിനു ാകുന്ന ആഘാതം</u>**

18-ാം നമ്പർ തോടിന്റെ പുനർനിർമ്മാണത്തിനായി ഏറ്റെടുക്കപ്പെടാനുദ്ദേശിക്കുന്ന ഭൂമി, ഈ തോടിനോട് ചേർന്ന് ഒരു റിബൺ പോലെ നീളത്തിൽ കിടക്കുന്ന സ്ഥലമാണ്. പൊതുവെ നോക്കുകയാണെങ്കിൽ കൃത്യമായ ദേഹണ്ണങ്ങൾ ഒന്നും തന്നെ ഇല്ല. ഈ സ്ഥലത്തിനെ ആശ്രയിച്ച് യാതൊരു തൊഴിലിലും ഏർപ്പെടുന്നില്ല. ഈ സ്ഥലം ഏറ്റെടുക്കുന്നതുമൂലം ആരുടെയും തൊഴിലിനെ ബാധിക്കുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

## വരുമാനത്തിനുള്ള ആഘാതം

ഏറ്റെടുക്കപ്പെടാൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ ആകെയുള്ളത് കേവലം 6 തെങ്ങുകൾ മാത്രമാണ് ആദായം ലഭിക്കുന്നവയുടെ ഗണത്തിൽപ്പെടുത്താനുള്ളത് 14 ഓളം കവുങ്ങുകളുമാണ്. ഈ 6 തെങ്ങുകളിൽ 4 എണ്ണം ശ്രീ കരുണാകരന്റേയും 2 എണ്ണം സുനിൽകുമാറിന്റേതുമാണ്. ഇവയിൽ നിന്നും കാര്യമായ വരുമാനമൊന്നും തന്നെ ലഭിക്കുന്നില്ല. അതിനാൽ തന്നെ ഈ സ്ഥലം ഏറ്റെടുക്കുന്നതു മൂലം വരുമാനത്തിന് യാതൊരു ആഘാതവും ഉ ാകുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

## പാരിസ്ഥിതിക ആഘാതം

നേരത്തെ വ്യക്തമാക്കിയതുപോലെ ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം 18-ാം നമ്പർ തോടിന്റെ ഇരു വശത്തോടു ചേർന്നു കിടക്കുന്നതാണ്. ഇത് ഏറ്റെടുത്ത് തോട് വികസിപ്പിക്കുന്നതു മൂലം പരിസ്ഥിതിക്ക് ഒരു തരത്തിലുമുള്ള ആഘാതവും ഉ ാകുന്നില്ല.

## പൊതു ഇടങ്ങൾക്കും സ്ഥാപനങ്ങൾക്കും ഉ ാകുന്ന ആഘാതം

ഏറ്റെടുക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് പൊതു ഇടങ്ങളോ, സ്ഥാപനങ്ങളോ ഇല്ല എന്നും അതിനാൽ തന്നെ ഇത്തരത്തിലുള്ള ആഘാതം ഉ ാകുന്നില്ല എന്ന് റിപ്പോർട്ട് ചെയ്യുന്നു.

## പദ്ധതി സംബന്ധമായ നേട്ടങ്ങൾ ശുപാർശകൾ

ഡ്രെയിനേജ് 18 ന്റെ പുനർനിർമ്മാണത്തിനായാണ് ഈ ഭൂമി ഏറ്റെടുക്കുന്നത്. വിമാനതാവളം സ്ഥിതി ചെയ്യുന്ന 2000 ഏക്കറോളം ഭൂമിയുടെ വൃഷ്ടി പ്രദേശത്ത് സാധാരണ രീതിയിൽ മഴക്കാലത്തു ാകുന്ന വെള്ളം ചെറിയ ചെറിയ നീർച്ചാലുകളിലൂടെ 17,18 നമ്പർ തോടുകളിലൂടെ അഞ്ചരക്ക ി പുഴയിലേക്ക് സുഗമമായി എത്തിക്കാനുള്ള പദ്ധതിയാണിത്. അതി വൃഷ്ടിയോ, അനാവൃഷ്ടിയോ ഉ ാവുകയാണെങ്കിൽ താഴ്ന്നു കിടക്കുന്ന പ്രദേശങ്ങളിൽ ഉ ാകുന്ന വെള്ളക്കെട്ട് ഒഴിവാക്കാനും ഈ തോടിന്റെ പുനർനിർമ്മാണം സഹായിക്കുന്നു. കൂടാതെ കിണറുകളിലും മറ്റും ചെളി അടിഞ്ഞു കൂടാൻ സാധ്യതയുള്ളത് പൂർണ്ണമായും ഒഴിവാക്കുകയും ചെയ്യുന്നു. 0.1667 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള ആഘാത പഠനം നടത്താനാണ് നിയോഗിക്കപ്പെട്ടിരുന്നതെങ്കിലും കാനാട് അംശത്തിലെ 63/3 ലെ 0.0040 ഹെക്ടർ സ്ഥലം നേരത്തെ തന്നെ ഏറ്റെടുത്തതിനാൽ 0.1627 ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതു സംബന്ധിച്ചാണ് ഈ റിപ്പോർട്ട് സമർപ്പിക്കുന്നത്. ഈ ഏറ്റെടുക്കൽ മൂലമുള്ള തോട് നവീകരണം പരിസര

വാസികൾക്ക് ഏറെ ഗുണകരമായതിനാൽ തൊഴിലിനോ, വരുമാനത്തിനോ, പരിസ്ഥിതിക്കോ, പൊതുഇടങ്ങൾക്കോ, സ്ഥാപനങ്ങൾക്കോ ആഘാതമു ാകാത്തതിനാൽ ഭൂമി ഏറ്റെടുക്കുന്നതുമായി മുന്നോട്ട് പോകാവുന്നതാണെന്നും പൊതു അവകാശവാദവുമായി ബന്ധപ്പെട്ട് അഭിപ്രായ ക്രോഡീകരണത്തിനും തല്പര കക്ഷികൾക്ക് പ്രത്യേക പരിഗണന ആവശ്യമായി വരുന്ന രീതിയിലുള്ള അഭിപ്രായങ്ങളോ, നിർദ്ദേശങ്ങളോ ഉ ാകാത്ത സാഹചര്യത്തിൽ അർത്ഥനാധികാരിയിൽ നിന്നും അഭിപ്രായങ്ങൾ തേടേ ആവശ്യമു ായിരുന്നില്ല എന്ന് അറിയിക്കുന്നു.

15.09.2018 ചെയർമാൻ

കണ്ണൂർ സാമൂഹ്യ ആഘാത പഠന യൂണിറ്റ്

കയ്റോസ്- കണ്ണൂർ